പത്രക്കുറിപ്പ്

# വാരാന്ത്യ ലോക്ക്ഡൗൺ:-

## രണ്ട് ദിവസം നഗരത്തിൽ കർശന നിയന്ത്രണങ്ങൾ

## അനാവശ്യമായി യാത്ര ചെയ്യുന്നവർക്കെതിരെ കേസ്സെടുക്കുകയും വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്യും

## യുവാവിനെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ ഒരാൾ പിടിയിൽ

## വാഹനതട്ടിപ്പ് കേസ്സിലെ പ്രതി പിടിയിൽ

തിരുവനന്തപുരം:- ശനി, ഞായർ ദിവസങ്ങളിൽ സമ്പൂർണ്ണ ലോക്ക്ഡൗൺ ആയതിനാൽ, ഈ രണ്ട് ദിവസങ്ങളിലും നഗരത്തിൽ കർശന നിയന്ത്രണങ്ങൾ നടപ്പിലാക്കുമെന്ന് ഐ.ജി.പി-യും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

നഗരാതിർത്തി പ്രദേശങ്ങൾ പോലീസ് ബാരിക്കേഡ് വച്ച് അടച്ച് കർശനപരിശോധന നടത്തും. രാവിലെ 6.00 മണി മുതൽ പരിശോധന ആരംഭിക്കും. നഗരത്തിനുള്ളിലേയ്ക്കും പുറത്തേയ്ക്കും വാഹനയാത്ര അനുവദിക്കില്ല. അനാവശ്യമായി യാത്ര നടത്തുന്നവർക്കെതിരെ കേസ്സെടുക്കുകയും വാഹനം പിടിച്ചെടുക്കുകയും ചെയ്യും. കൂടാതെ, നഗരത്തിലെ എല്ലാ സ്റ്റേഷൻ പരിധികളിലുമുള്ള പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് 70 ചെക്കിംങ് പോയിന്റുകളും ക്രമീകരിച്ചിട്ടുണ്ട്. ഈ ദിവസങ്ങളിൽ ഗതാഗതം പൊതുവേ കുറവായതിനാൽ ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരേയും മറ്റ്

സ്പെഷ്യൽ യൂണിറ്റുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരേയും പരിശോധനാ ഡ്യൂട്ടിയ്ക്കായി നിയോഗിക്കും.

അത്യാവശ്യ മെഡിക്കൽ സേവനങ്ങൾക്കും അവശ്യസർവ്വീസ് വിഭാഗങ്ങൾക്കും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മറ്റ് വിഭാഗങ്ങളിൽപ്പെട്ടവർക്കും മാത്രമേ യാത്ര അനുവദിക്കുകയുള്ളൂ. പ്രഭാത-സായാഹ്ന സവാരി ഈ ദിവസങ്ങളിൽ അനുവദിക്കില്ല. സർക്കാർ അനുവദിച്ചിട്ടുള്ള അവശ്യസർവ്വീസ് വിഭാഗങ്ങളിൽ പ്രവർത്തിയെടുക്കുന്നവർ ജോലി സ്ഥലത്തേയ്ക്കും തിരികെയും നിശ്ചിതസമയങ്ങളിൽ മാത്രം  യാത്ര ചെയ്യേണ്ടതും ഇവർ ഔദ്യോഗിക തിരിച്ചറിയൽ കാർഡും മേലധികാരിയുടെ  സർട്ടിഫിക്കറ്റും കൈയ്യിൽ കരുതേണ്ടതുമാണ്. ട്രെയിൻ, വിമാനയാത്രക്കാർക്ക് ടിക്കറ്റും മറ്റു യാത്രാരേഖകളും കാണിച്ചാൽ യാത്ര അനുവദിക്കും. കൃത്യമായ രേഖകൾ കാണിച്ച് വാക്സിൻ എടുക്കാൻ പോകുന്നവർക്കും യാത്ര ചെയ്യാവുന്നതാണ്.

മെഡിക്കൽ സ്റ്റോറുകളും, പാൽ, പച്ചക്കറി, അവശ്യഭക്ഷണ സാധനങ്ങൾ വിൽക്കുന്ന കടകളും മാത്രമേ തുറന്ന് പ്രവർത്തിക്കാൻ പാടുള്ളൂ. ഹോട്ടലുകളിൽ ഈ ദിവസങ്ങളിൽ ടേക്ക്-എവെ സംവിധാനം അനുവദിക്കില്ല. ഹോം ഡെലിവറി മാത്രമേ അനുവദിക്കൂ. ചായക്കടകൾ, തട്ടുകടകൾ എന്നിവ പ്രവർത്തിക്കാൻ പാടില്ല.

തുറന്ന് പ്രവർത്തിക്കാൻ അനുവാദമുള്ള വ്യാപാരസ്ഥാപനങ്ങൾ സമയക്രമവും കോവിഡ് പ്രോട്ടോക്കോളും കർശനമായും പാലിക്കേണ്ടതാണ്. ഇത് പരിശോധിക്കുന്നതിനായി കൂടുതൽ പട്രോളിംഗ് സംഘങ്ങളെ എല്ലാ സ്റ്റേഷൻ പരിധികളിലും നിയോഗിച്ചിട്ടുണ്ട്. അത്യാവശ്യ സാധനങ്ങൾ വാങ്ങാനായി വീടുകളിൽ നിന്നും ഒരാൾ മാത്രം

പോകേണ്ടതും അടുത്തുള്ള കടകൾ തെരെഞ്ഞെടുക്കേണ്ടതും സാമൂഹിക അകലം പാലിച്ച് സാധനങ്ങൾ വാങ്ങേണ്ടതുമാണ്.

പോലീസ് ഏർപ്പെടുത്തിയിട്ടുള്ള സുരക്ഷാ ക്രമീകരണങ്ങളോട് എല്ലാവരും സഹകരിക്കണമെന്നും, സമ്പൂർണ്ണ ലോക്ക്ഡൗൺ ആയ രണ്ട് ദിവസങ്ങളിലും പൊതുജനങ്ങൾ അനാവശ്യമായി പുറത്തിറങ്ങാതെ വീടുകളിൽ തന്നെ കഴിയണമെന്നും, വിലക്ക് ലംഘനങ്ങൾ നടത്തുന്നവർക്കെതിരെ കേരള എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം വിട്ടുവീഴ്ചയില്ലാത്ത കർശന നിയമനടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു.

## യുവാവിനെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ ഒരാൾ പിടിയിൽ

തിരുവനന്തപുരം :- ബീമാപള്ളിയിൽ യുവാവിനെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച അഞ്ചംഗസംഘത്തിലെ ഒരാളെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ബീമാപള്ളി ഹൈസ്ക്കൂളിന് സമീപം പുതുവൽ ഹൗസിൽ സമീർഖാൻ (24)-നെയാണ് പൂന്തുറ പോലീസ് അറസ്റ്റ് ചെയ്തത്.


പൂന്തുറ പോലീസ് അറസ്റ്റ് ചെയ്ത സമീർ ഖാൻ (24)

20-ാം തീയതി രാത്രി 9 മണിയ്ക്കാണ് സംഭവം നടന്നത്. ബീമാപള്ളി മാണിക്യവിളാകം സ്വദേശി അഫ്സൽഖാനെ ബന്ധുവായ സമീർഖാൻ ഉൾപ്പെട്ട അഞ്ചംഗസംഘം ക്രൂരമായി മർദ്ദിക്കുകയും കല്ല് കൊണ്ട് തലയ്ക്കിടിച്ചും പരിക്കേൽപ്പിക്കുകയായിരുന്നു. അഫ്സൽഖാന്റെ കൂടെ

ഉണ്ടായിരുന്ന അനുജനും മർദ്ദനമേറ്റിരുന്നു. പ്രാവ് വളർത്തലുമായി ബന്ധപ്പെട്ടുള്ള തർക്കമാണ് ആക്രമണത്തിന് കാരണം. പൂന്തുറ എസ്.എച്ച്.ഒ സജികുമാർ, എസ്.ഐ അഭിലാഷ്, എ.എസ്.ഐ സുരേന്ദ്രൻ, എസ്.സി.പി.ഒ ബിജു എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. ഈ കേസ്സിൽ ഒളിവിൽ കഴിയുന്ന മറ്റ് പ്രതികളെ പിടികൂടാൻ അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## വാഹനതട്ടിപ്പ് കേസ്സിലെ പ്രതി പിടിയിൽ

തിരുവനന്തപുരം:- കല്യാണ ആവശ്യത്തിനെന്ന വ്യാജേന കാർ വാടകയ്ക്ക് എടുത്ത് മുങ്ങിയ പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ബീമാപളളി പുതുവൽപുരയിടം വീട്ടിൽ ലുക്ക്മാൻ ഹക്കീം (28)-നെയാണ് കാർ തട്ടിപ്പ് കേസ്സിൽ കരമന പോലീസ് അറസ്റ്റ് ചെയ്തത്.

രണ്ട് വർഷത്തിന് മുമ്പാണ് സംഭവം നടന്നത്. നെയ്യാറ്റിൻകര അമരവിള സ്വദേശി റെജിന്റെ ഇന്നോവ കാറാണ് കരമന വച്ച് പ്രതി കല്യാണ ആവശ്യത്തിനെന്ന് പറഞ്ഞ് വാടകയ്ക്ക് എടുത്തത്. തുടർന്ന് പ്രതി തമിഴ്നാട്ടിൽ കൊണ്ടു പോയി കാർ മറിച്ച് വിൽക്കുകയായിരുന്നു. തട്ടിപ്പ് നടത്തിയശേഷം ഒളിവിൽ പോയ പ്രതിയെ കുളത്തുപ്പുഴയിലുള്ള ഒളിസങ്കേതത്തിൽ നിന്നാണ് ഇന്നലെ പോലീസ് പിടികൂടിയത്. സമാനരീതിയിൽ ഇയാൾ കൂടുതൽ തട്ടിപ്പുകൾ നടത്തിയിട്ടുള്ളതായും അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. കരമന എസ്.എച്ച്.ഒ



കരമന പോലീസ് അറസ്റ്റ് ചെയ്ത
ലുക്ക്മാൻ ഹക്കീം (28)

അനീഷ്, എസ്.ഐ–മാരായ മിഥുൻ, അശോക് കുമാർ, സി.പി.ഒ–മാരായ സജികുമാർ, രാജീവ്, സന്തോഷ്, സിബിമോൻ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

തിരുവനന്തപുരം സിറ്റി
23–07–2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി